# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **7013** **13/07/2012**-ൽ മറുപടിക്ക്

### മിനി മൃഗശാലകൾ

ചോദ്യം

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ. അച്ചുതൻ
ശ്രീ. എ. റ്റി. ജോർജ്
ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മിനി മൃഗശാലകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | മൃഗശാലയിൽ അധികമായുള്ള മ്ലാവ്, മാൻ എന്നിവയെ മാറ്റി പാർപ്പിക്കുന്നതിനും, അപകടം പറ്റിയവയെ സംരക്ഷിക്കുന്നതിനും ഡിയർ റീഹാബിലിറ്റേഷൻ കം റിസ്ക്യൂ സെന്റർ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | മൃഗശാലയിൽ അധികമായ മൃഗങ്ങളെ സംരക്ഷിക്കുന്നതിനും പരിക്ക് പറ്റിയവയെ ചികിത്സിക്കുക, വെറ്ററിനറി ബിരുദധാരികൾക്ക് പഠിക്കുകയും, ഗവേഷണം നടത്തുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യം. ഇതിനായി മൃഗശാലയ്ക്കാവശ്യമായ സ്ഥലം ലഭിക്കുകയും കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുകയും വേണം. |
| (സി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ? | (സി) | വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ വെള്ളമുണ്ട വില്ലേജിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.